(ബി) സഹവൈജ്ഞാനിക മേഖലയിൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം അദ്ധ്യാപകർ ശരിയായ രീതിയിൽ പാലിക്കുന്നുവോ എന്നറിയുവാൻ എന്താണ് മാർഗ്ഗമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹവൈജ്ഞാനിക മേഖലയിൽ കുട്ടിക്ക് ലഭിക്കുന്ന സ്കോർ പരീക്ഷാ ഭവനിലേയ്ക്ക് അയയ്ക്കുന്നതിനു മുൻപായി സ്കൂളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. കുട്ടികൾക്ക് പരാതിയോ സംശയമോ ഉണ്ടെങ്കിൽ അപ്പീൽ നൽകാവുന്നതാണ്. ഇതിനായി സ്കൂൾ തലത്തിൽ ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ് ഓരോ വിഷയത്തിനുള്ള അദ്ധ്യാപകർ എന്നിവരടങ്ങുന്ന ഒരു അപ്പീൽ കമ്മിറ്റിക്കും, ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ മറ്റൊരു അപ്പീൽ കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്.

എസ്. എസ്. എ. പദ്ധതിയുടെ ഘടനയും പ്രവർത്തനരീതിയും

106 [3284] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ ഘടനയും അതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് സംസ്ഥാന (എസ്.പി.ഡി.) ജില്ലാ (ഡി.പി.ഒ.) തലങ്ങളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും ഈ നിയമന ത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ബി.ആർ.സി. ട്രെയിനർമാരായി ഓരോ ജില്ലയിലും ഇതിനകം എത്ര പേരെ നിയമിച്ചുവെന്നും ഈ നിയമനത്തിന്റെ മാനദണ്ഡമെന്തായിരുന്നുവെന്നും വിശദമാക്കാമോ;

(ഡി) എസ്. എസ്. എ. പദ്ധതിക്കായി ഇതിനകം ഓരോ വർഷവും കേന്ദ്ര സംസ്ഥാന ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക ലഭിച്ചുവെന്നും അതിൽ എന്തു തുക വീതം ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു വെന്നും വ്യക്തമാക്കാമോ;

(ഇ) വികലാംഗരായ കുട്ടികൾക്കായി എസ്. എസ്. എ.-യിൽ ഏതെങ്കിലും പ്രത്യേക പദ്ധതിയുണ്ടോയെന്നും എങ്കിൽ ഇതിനായി എന്ത് തുക ചെലവഴിച്ചു വെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ —ശ്രീ. കെ. ആർ. മുരളീധരൻ, ഐ.എ.എസ്. ജില്ലാതല ഓഫീസർമാരായി ജില്ലാ വിദ്യാഭ്യാസ ഓഫീസറേയോ ഡയറ്റിലെ സീനിയർ ലക്ചറേയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു. ഇവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

1.	തിരുവനന്തപുരം	..	ശ്രീ. കെ. ഗോപകുമാർ സീനിയർ ലക്ചറർ ഡയറ്റ്
2.	കൊല്ലം	..	ശ്രീ. ഡി. ദിവാകരൻ സീനിയർ ലക്ചറർ ഡയറ്റ്
3.	ആലപ്പുഴ	..	ശ്രീമതി കെ. ശാന്ത ഡി. ഇ. ഒ.
4.	പത്തനംതിട്ട	..	ശ്രീ. പി. കെ. അച്ചുതൻ ഡി. ഇ. ഒ.
5.	കോട്ടയം	..	ശ്രീ. കെ. എം. സണ്ണി സീനിയർ ലക്ചറർ ഡയറ്റ്
6.	ഇടുക്കി	..	ശ്രീ. എം. ഐ. സുകുമാരൻ ഡി. ഇ. ഒ.
7.	എറണാകുളം	..	ഒഴിഞ്ഞു കിടക്കുന്നു
8.	തൃശ്ശൂർ	..	ശ്രീമതി കെ. കെ. ശ്യാമള ഡി. ഇ. ഒ.
9.	പാലക്കാട്	..	ഒഴിഞ്ഞുകിടക്കുന്നു
10.	മലപ്പുറം	..	ശ്രീ. പി. കെ. ഇബ്രാഹിംകുട്ടി സീനിയർ ലക്ചറർ, ഡയറ്റ്
11.	കോഴിക്കോട്	..	ശ്രീ. യു. കെ. മുഹമ്മദ് സീനിയർ ലക്ചറർ, ഡയറ്റ്
12.	വയനാട്	..	ശ്രീ. മാത്യു സ്ക്കറിയ, ഡയറ്റ്
13.	കണ്ണൂർ	..	ശ്രീ. വിജയൻ ചേലോട്, ഡയറ്റ്
14.	കാസർഗോഡ്	..	ശ്രീ. പി. രാജൻ സീനിയർ ലക്ചറർ, ഡയറ്റ്

(സി) ഓരോ ജില്ലയിലുമുള്ള ബി. ആർ. സി. ട്രെയിനർമാരുടെ നിയമനം ഇപ്രകാരമാണ്.

ജില്ല	*എച്ച്. എസ്. എ.*	*പി.ഡി. ടീച്ചർ*
തിരുവനന്തപുരം	41	36
കൊല്ലം	51	35
പത്തനംതിട്ട	37	32
ആലപ്പുഴ	34	33

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എച്ച്. എസ്.എ.	പി.ഡി. ടീച്ചർ
കോട്ടയം	27	23
ഇടുക്കി	23	9
എറണാകുളം	44	29
തൃശ്ശൂർ	23	23
പാലക്കാട്	18	31
മലപ്പുറം	52	32
കോഴിക്കോട്	39	51
വയനാട്	12	9
കണ്ണൂർ	60	47
കാസർഗോഡ്	15	19
	476	409

ആകെ 885 പേർ

അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ദൈർഘ്യമുള്ള സർക്കാർ (പ്രൈമറി/ എച്ച്.എസ്.) അദ്ധ്യാപകരെ 3:7 എന്ന അനുപാതത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഓരോ ബി.ആർ.സി.-കളിലും നിയമിക്കുന്നു. ടി. യോഗ്യതയുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ട്രെയിനർമാരായി നിയമിക്കുന്നു.

(ഡി) 2001-2002: (തുക ലക്ഷത്തിൽ)

കേന്ദ്രവിഹിതം	. .	1008.48
സംസ്ഥാന വിഹിതം	. .	312.77
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	. .	—
ആകെ	. .	1321.25
2002-2003:		
കേന്ദ്രവിഹിതം	. .	2250.78
സംസ്ഥാന വിഹിതം	. .	750
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	. .	—
ആകെ	. .	3000.78

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2003-2004:		
കേന്ദ്രവിഹിതം	. .	4966
സംസ്ഥാന വിഹിതം	. .	822
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	. .	643.06
ആകെ	. .	6431.06
2004-2005:		
കേന്ദ്രവിഹിതം	. .	1000
സംസ്ഥാന വിഹിതം	. .	—
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	. .	—
ആകെ	. .	1000.00

കേന്ദ്ര വിഹിതം		സംസ്ഥാന വിഹിതം		തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
9225.26	+	1884.77	+	643.06
ആകെ		11753.09		

ഓരോ വർഷവും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു. †

(ഇ) ഉണ്ട്.

ഇതിനായി ചെലവായ തുക വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

വർഷം	*തുക (ലക്ഷത്തിൽ)*
2002--2003	51.18
2003—2004	193.22
ആകെ	244.50

എസ്. എസ്. എൽ. സി. പരീക്ഷയെഴുതാൻ കഴിയാത്തവർക്കായി തുല്യതാ പരീക്ഷ നടത്താൻ നടപടി

107 [3285] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയെഴുതാൻ കഴിയാത്തവർക്കായി തുല്യതാ പരീക്ഷ നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.